## ഭിന്നശേഷിക്കുട്ടികൾക്ക് ലോക്ക് ഡൗൺ കാലത്ത് പ്രത്യേക കരുതൽ

കൊറോണ വൈറസ് വ്യാപനത്തിനെതിരെ ശക്തമായ പ്രതിരോധം തീർത്ത് ലോക്ക് ഡൗൺ പാലിക്കുകയാണ് രാജ്യം ഇപ്പോൾ. ഇതിനിടയിൽ അരക്ഷിതർക്കും ആലംബഹീനർക്കും തങ്ങളാലാവും വിധം സംഘടനാസംവിധാനത്തിലൂടെ പിന്തുണാസഹായങ്ങൾ നൽകി വരികയാണ് കുടുംബശ്രീ. വീടുകളിൽ നിന്ന് പുറത്തിറങ്ങാനാകാതെ വിഷമതകൾ നേരിടുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ ലക്ഷ്യമിട്ട് ഈ ലോക്ഡൗൺ കാലത്ത് പ്രത്യേക പ്രവർത്തനങ്ങൾ കുടുംബശ്രീ ഇപ്പോൾ നടത്തിവരുന്നു. കുടുംബശ്രീയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയോജിച്ച് ഭിന്നശേഷിക്കുട്ടികൾക്കായി നടപ്പാക്കുന്ന ബഡ്സ് സ്ഥാപനങ്ങൾ മുഖേനയാണ് ഓരോ കുട്ടികളിലും പ്രത്യേക ശ്രദ്ധയൂന്നി വ്യത്യസ്ത പ്രവർത്തനങ്ങൾ നടത്തുന്നത്.

കേരളമൊട്ടാകെ 14 ജില്ലകളിലുമായി 270 ബഡ്സ് സ്ഥാപനങ്ങളാണ് ഇന്നുള്ളത്. 8521 കുട്ടികളാണ് ഈ സ്ഥാപനങ്ങൾ വഴി പഠിക്കുന്നത്. ആകെ 414 അധ്യാപകർ ഈ സ്കൂളുകളിലുണ്ട്. ഓരോ സ്കൂളുകളിലെയും അധ്യാപകർ അതത് സ്കൂളിലെ കുട്ടികളുടെ പ്രത്യേക സവിശേഷതകൾ അറിഞ്ഞ് കുട്ടികൾക്കായി വ്യക്തിഗത പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് അനുസരിച്ചാണ് അവർക്ക് ഓരോരുത്തർക്കും സ്കൂളുകളിൽ ഓരോ പ്രവർത്തനങ്ങളും പരിശീലനങ്ങളും നൽകുന്നത്. ഈ പ്ലാനുകൾ ഉപയോഗപ്പെടുത്തി ഓരോ കുട്ടിക്കും വീട്ടിലിരുന്ന് ചെയ്യാനാകുന്ന പ്രവൃത്തികൾ തയാറാക്കുകയും അത് മാതാപിതാക്കളിലേക്ക് ഫോൺ മുഖേനയോ വാട്സ്ആപ്പ് മുഖേനയോ എത്തിക്കണമെന്നും അങ്ങനെ കുട്ടികളെ ആ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കണമെന്നും ലോക്ക് ഡൗൺ ആരംഭിച്ച അന്ന് തന്നെ ജില്ലാ പ്രോഗ്രാം

മാനേജർമാർ വഴി നിർദ്ദേശം നൽകിയിരുന്നു. ഇത് അനുസരിച്ച് ഓരോ ജില്ലയിലെയും ബഡ്സ് സ്ഥാപനങ്ങൾ വ്യത്യസ്ത പ്രവൃത്തികൾ രൂപകൽപ്പന ചെയ്യുകയായിരുന്നു.

ചിത്ര രചന, പത്രവായന, അക്ഷരങ്ങളുടെ പഠനം, സംഗീത പഠനം, തയ്യൽ പഠനം, സ്വയംപര്യാപ്ത നേടാനുള്ള വ്യത്യസ്ത പരിശീലനം, അടുക്കളയിലും കൃഷിസ്ഥലത്തും ജോലിക്ക് ഒപ്പം കൂട്ടുക ഇങ്ങനെ നിരവധി നിർദ്ദേശങ്ങളാണ് ഓരോ കുട്ടിയുടെയും വ്യക്തിഗത പ്ലാൻ അനുസരിച്ച് ടീച്ചർമാർ മാതാപിതാക്കൾക്ക് നൽകിയത്. ഇത് അനുസരിച്ച് കുട്ടികൾ ചെയ്യുന്ന പ്രവർത്തനങ്ങളുടെ ചിത്രങ്ങളും മറ്റും ടീച്ചർമാർക്ക് മാതാപിതാക്കൾ അയച്ചുനൽകുകയും ചെയ്യുന്നു. ഓരോ ബഡ്സ് സ്ഥാപനത്തിലെയും കുട്ടികളുടെ മാതാപിതാക്കളുമായി ടീച്ചർമാർ നിരന്തരം ആശയവിനിമയം നടത്തുന്നു.

ഇത് കൂടാതെ ഓരോ കുട്ടിയുടെ ആരോഗ്യകാര്യത്തിലും ടീച്ചർമാർ പ്രത്യേക ശ്രദ്ധ പുലർത്തുന്നു. കുട്ടികൾക്ക് ആവശ്യമുള്ള ഭക്ഷണം ലഭിക്കുന്നുണ്ടോ, മരുന്നുകളും മറ്റും ലഭിക്കുന്നുണ്ടോ എന്നത് സ്ഥിരമായി അന്വേഷിക്കുകയും എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ തദ്ദേശ സ്ഥാപനം അല്ലെങ്കിൽ കുടുംബശ്രീ സംഘടനാ സംവിധാനം മുഖേന നിറവേറ്റിക്കൊടുക്കുകയും ചെയ്യുന്നു. ഇത് കൂടാതെ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാർ ഫോൺ മുഖേന കുട്ടികളുടെ കുടുംബാംഗങ്ങൾക്ക് മാനസിക പിന്തുണ നൽകുകയും ചെയ്യുന്നു.